15 -ാം കേരള നിയമസഭ

7 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 77 | 05-12-2022 - ൽ മറുപടിയ്ക്ക്

## സ്ത്രീ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സ്ത്രീ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാന പോലീസ് നടത്തുന്ന പ്രവർത്തനത്തിന്റെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്നതിനായി കേരളാ പോലീസ് വുമൺ ഡെസ്ക്, വനിതാ ഹെൽപ്പ് ലൈൻ, പഞ്ചായത്ത് വനിതാ ബീറ്റ് ഓഫീസർമാരുടെ സേവനം, വനിതാ സ്വയം പ്രതിരോധ പരിശീലന പദ്ധതി, നിർഭയം ആപ്ലിക്കേഷൻ, പിങ്ക് പോലീസ് പട്രോൾ, പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ്-പിങ്ക് റോമിയോ, പിങ്ക് ജനമൈത്രി ബീറ്റ്, ക്രൈം പ്രിവൻഷൻ ആന്റ് ഫാമിലി കൗൺസിലിംഗ് സെന്റർ, ഡൊമസ്റ്റിക് കോൺഫ്ലിക്റ്റ് റെസല്യൂഷൻ സെന്റർ, അപരാജിത ഓൺലൈൻ, സഖി വൺസ്റ്റോപ്പ് സെന്റർ, വിക്ടിം ലെയ്സൺ ഓഫീസർ തുടങ്ങിയ വിവിധ പദ്ധതികൾ കാര്യക്ഷമതയോടെ പ്രവർത്തിച്ച് വരുന്നു. |
| (ബി) | ഒരു നിയമസഭാംഗം പീഡനത്തിനിരയാക്കിയെന്നും അത് മറച്ചുവയ്ക്കാനായി വധിക്കാൻ ശ്രമിച്ചുവെന്നുമുള്ള പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ കാര്യക്ഷമമായി നടപടിയെടുക്കുന്നതിന് സാധിച്ചിട്ടുണ്ടോ; പരാതിയിലെ വിശദാംശം വെളിപ്പെടുത്താമോ; | (ബി) | ഉണ്ട്. പീഡനത്തിനിരയായതായി പരാതിക്കാരി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് നൽകിയ പരാതി പ്രകാരം കോവളം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ: 983/2022 U/s 362, 323, 354, 506(i), 376(2)(n), 307, 354(B) & 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ ഊർജ്ജിത അന്വേഷണത്തിനായി തിരുവനന്തപുരം ജില്ലാ ക്രൈംബ്രാഞ്ച് (സി ബ്രാഞ്ച്) അസിസ്റ്റന്റ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതിക്കാരിയെ ദേഹോപദ്രവം ഏൽപ്പിച്ച് ഭീഷണിപ്പെടുത്തിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ, കേസ് രജിസ്റ്റർ ചെയ്ത് ടിയാളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 376(2) (n), 307, 354 B എന്നീ വകുപ്പുകൾ കൂട്ടിച്ചേർത്ത് ഊർജ്ജിത അന്വേഷണം നടത്തിവരുന്നു. |

| | | | |
|---|---|---|---|
| (സി) | പദവിയും രാഷ്ട്രീയ ബന്ധവും ഉപയോഗിച്ച് കേസ് ദുർബലപ്പെടുത്താനും അപകീർത്തിപ്പെടുത്താനും ശ്രമം നടത്തുന്നുവെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ മാതൃകാപരമായ കർശന നടപടിയുറപ്പാക്കാൻ നിർദ്ദേശം നൽകുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ പേട്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ: 757/2022 u/s 506(1), 228-A(i) & 34 IPC പ്രകാരവും തിരുവനന്തപുരം സിറ്റി സൈബർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 57/2022 u/s 354-D, 506 IPC പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ